# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1168** 29.09.2011-ൽ മറുപടിയ്ക്ക്

## മൈലം - നായാടി വിഭാഗത്തിനുള്ള ആനുകൂല്യം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ മൈലം ഗ്രാമപഞ്ചായത്തിലെ 'നായാടി' വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിരുന്ന ജാതി സർട്ടിഫിക്കറ്റും ആനുകൂല്യവും തടഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ബി) തഹസീൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നത്. കൊല്ലം ജില്ലയിലെ മൈലം, പള്ളിക്കൽ പ്രദേശങ്ങളിൽ താമസിക്കുന്ന നായാടി വിഭാഗക്കാർ യഥാർത്ഥ നായാടി സമുദായക്കാരല്ലെന്നും ഇവരുടെ പൂർവ്വികർ ആന്ധ്രാപ്രദേശിൽ നിന്നും കുടിയേറിപ്പാർത്തവരാണെന്നും ഇവർക്ക് യഥാർത്ഥ നായാടി സമുദായവുമായി യാതൊരു ബന്ധവുമില്ലെന്നുമുള്ള കിർത്താഡ്സിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടിയാളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാത്തത്. എങ്കിലും ഇക്കാര്യം ഗൌരവപൂർവ്വം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ